**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 478 — **30.06.2016**-ലെ മറുപടിക്ക്

## എരിമയൂർ കുണ്ടുകാട് കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയംപര്യാപ്ത ഗ്രാമമായി തെരഞ്ഞെടുത്ത എരിമയൂർ പഞ്ചായത്തിലെ കുണ്ടുകാട് കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | സ്വയംപര്യാപ്ത ഗ്രാമമായി തെരഞ്ഞെടുത്ത എരിമയൂർ പഞ്ചായത്തിലെ കുണ്ടുകാട് കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല |
| (ബി) | എന്തെല്ലാം പ്രവൃത്തികളാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 1. 28 വീടുകളുടെ പ്ലാസ്റ്ററിംഗ് വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്<br>2. എരിമയൂർ കുത്തന്നൂർ റോഡിൽ കോളനിക്കകത്ത് 200 മീറ്റർ സൈഡ് കെട്ടിയിട്ടുണ്ട്.<br>3. വാട്ടർ ടാങ്കിന്റെ പില്ലറുകൾ മുകൾ ഭാഗം സ്ലാബ് കോൺക്രീറ്റിംഗ്<br>4. കോളനിക്കകത്ത് ഏകദേശം 100 മീറ്റർ റോഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.<br>5. ടി റോഡിന്റെ ഇരുവശങ്ങളിലും റീറ്റൈനിംഗ് വാൾ നിർമ്മിച്ചിട്ടുണ്ട്. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം പട്ടികജാതി കോളനി നവീകരണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. പണികൾ ഏറ്റെടുത്ത ഏജൻസികളുടെ കാര്യശേഷിക്കുറവ്, തനതു മനുഷ്യവിഭവശേഷിക്കുറവ്, കോളനിയിലെ സ്ഥലലഭ്യതക്കുറവ്, കോളനിക്കാരുടെ ആവശ്യപ്രകാരം എസ്റ്റിമേറ്റിൽ വരുന്ന നിരന്തര മാറ്റങ്ങൾ തുടങ്ങിയ കാരണങ്ങളാലാണ് കോളനികളുടെ നവീകരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തത്. |

സെക്ഷൻ ഓഫീസർ